# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 158 28.10.2019-ൽ മറുപടിക്ക്

**കടമ്പഴിപ്പുറത്തെ കൊലപാതകം**

**ചോദ്യം**

ശ്രീ.പി. ഉണ്ണി

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കടമ്പഴിപ്പുറത്ത് 14.11.2016-ൽ നടന്ന കൊലപാതകം അന്വേഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കടമ്പഴിപ്പുറത്ത് 14.11.2016-ൽ നടന്ന കൊലപാതകവുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.753/16 എന്ന കേസ്, ക്രൈം ബ്രാഞ്ചിൽ 50/CB/PKD/17 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

പ്രസ്തുത കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് സംഭവ സ്ഥലത്ത് നിന്ന് ശേഖരിച്ച തൊണ്ടി മുതലുകൾ പരിശോധനയ്ക്കായി ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് അയച്ചിട്ടുണ്ട്. 282 സാക്ഷികളെ നേരിൽ കണ്ട് ചോദിച്ചും മൊഴി രേഖപ്പെടുത്തിയും, സംഭവ സ്ഥലത്ത് നിന്നും ലഭിച്ച വിരലടയാളങ്ങൾ സമാന രീതിയിലുള്ള കുറ്റകൃത്യങ്ങളിൽപ്പെട്ട പ്രതികളുമായി ഒത്ത് നോക്കിയും, 159 പേരുടെ ഫിംഗർ പ്രിന്റ് ശേഖരിച്ച് സംശയമുള്ള തദ്ദേശിയരെയും, അന്യദേശക്കാരെയും വിശദമായി ചോദ്യം ചെയ്തിട്ടുള്ളതുമാകുന്നു. കൂടാതെ സ്ഥലത്തില്ലാതിരുന്നവരെപ്പറ്റിയും പരിസരങ്ങളിലുള്ള അന്യ സംസ്ഥാനക്കാരെ പറ്റിയും, വിശദമായി അന്വേഷണം നടത്തിയിട്ടുണ്ട്. കൊല്ലപ്പെട്ട ഗോപാലകൃഷ്ണൻ, തങ്കമണി എന്നിവർ, ആധാരം ചെയ്യാൻ ഉദ്ദേശിച്ച സ്ഥലവുമായി ബന്ധപ്പെട്ട ബ്രോക്കർമാർ, പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെപ്പറ്റി അന്വേഷിക്കുകയും, ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തമിഴ് നാട് സ്വദേശികളായ കുറവ സമുദായക്കാരെപ്പറ്റി കമ്പം, തേനി ഓട്ടംഛത്രം എന്നീ സ്ഥലങ്ങളിൽ എത്തി അന്വേഷണം നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കൊലപാതകികളെ കണ്ടെത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത കേസ് അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ചിന്റെ തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്‌പെക്ടർ ജനറൽ ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസിന്റെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിക്കുകയും അന്വേഷണം ഊർജിത മാക്കിയിട്ടുള്ളതുമാണ്. കേസിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ചിലരെ കേന്ദ്രീകരിച്ച് വിശദമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ